Talented Bankers Literary Panel
പുസ്തക പരിചയം 149

പരിചയപ്പെടുത്തുന്നത്,
കിരൺ വി,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
കൈതമുക്ക് ശാഖ.

മഹാഭാരതകഥ
കമല സുബ്രഹ്മണ്യം.

ശ്രീമതി കമല സുബ്രഹ്മണ്യം രചിച്ച ഭാരതീയ വിദ്യാഭവൻ ബോംബെ പ്രസിദ്ധീകരിച്ച മഹാഭാരത കഥയുടെ മലയാള വിവർത്തനമാണ് ഈ പുസ്തകം . ശ്രീ ആലത്തൂർ ദാമോദരൻ നമ്പൂതിരിപ്പാട് മൊഴി മാറ്റം ചെയ്ത ഈ പുസ്തകം വാങ്ങി ഒൻപത് വർഷം കഴിഞ്ഞിട്ടാണ് വായിക്കാൻ നിയോഗം ഉണ്ടായത്.

കുട്ടിക്കാലത്തെ നമ്മുടെ മനസ്സിൽ പുരാണ കഥകൾ രൂപപ്പെടുത്തിയ അമർചിത്രകഥകളുടെ മുതിർന്ന ഒരു വേർഷൻ ആണ് ഇത് എന്നു പറയാം. നമ്മുടെ പുരാണങ്ങളെ നമ്മിൽ നിന്നും അകറ്റി നിർത്തുന്നത് എല്ലാരിലേക്കും എത്തിപ്പെടാത്ത ഭാഷയുടെ കഠിന്യവും അതിന്റെ പദ്യരൂപവും ആണ്. ഈ രണ്ട് തടസ്സങ്ങളും ഇവിടെ നീക്കിക്കിട്ടുന്നു.

ശന്തനുവിൽ തുടങ്ങി പരീക്ഷിത്തിലും മഹാപ്രസ്ഥാനത്തിലും അവസാനിക്കുന്ന, വായനക്കാരന്റെ വൈകാരിക തലങ്ങളെ ആഴത്തിൽ സ്പർശിച്ചും വേദനിപ്പിച്ചും കടന്നു പോകുന്ന ഒരു കുത്തൊഴുക്കാണീ ഗ്രന്ഥം. ഒരു വരി പോലും നമ്മെ ബോറടിപ്പിക്കില്ല. അത്രക്ക് സുന്ദരവും രൂപ ഭദ്രവുമാണ് ആലത്തൂരിന്റെ പരിഭാഷ.

ആകാരത്തിന്റെ പതിവ് വാർപ്പ് മാതൃകകളെ ഈ പുസ്തകം തിരുത്തി പറയുന്നുണ്ട്. ചുവന്നു തുടുത്ത സുന്ദരനായ അർജ്ജുനനെ ഇവിടെ കാണാനാകില്ല. എപ്പോഴും ചാഞ്ചാടുന്ന മനസുള്ള , നല്ല കറുപ്പു നിറമുള്ള, മുട്ടോളം നീണ്ട കൈകളുള്ള, ശരീരം മുഴുവൻ മുറിപ്പാടുകളുള്ള ക്ഷത്രിയനാണിവിടെ പകരം ഉള്ളത്. ഇങ്ങനെ ആകാരത്തിലും മനസ്സിന്റെ വ്യാപാരങ്ങളിലും സാധാരണ മനുഷ്യരിലേക്ക് ഒരു പരിധി വരെ ഇറങ്ങി നിൽക്കുന്ന കഥാപാത്രങ്ങളാണ് കൃഷ്ണനുൾപ്പെടെ എല്ലാവരും. Glorification ഒട്ടും ഉപയോഗിച്ചിട്ടില്ലെന്നു സാരം. (അരവിന്ദന്റെ കാഞ്ചനസീതയെ ഇവിടെ ഓർക്കാം).

പ്രകൃതിയും പരിസരങ്ങളും അതിമനോഹരമായി ഉടനീളം ഇഴുകി ചേർത്തിരിക്കുന്നു. രാത്രിയുടെ ഏകാന്തതയിൽ കബന്ധങ്ങൾക്കിടയിൽ മരണം കാത്തുകിടക്കുന്ന ദുര്യോധനന്റെ അവസ്ഥയൊക്കെ ഇവിടെ

പറയാതെ വയ്യ.

ഒരു narrative രീതിയാണ് ഉടനീളം കഥാകാരി ഉപയോഗിച്ചിരിക്കുന്നത്. അതിനാൽ ഒരു protagonist ഇവിടെയില്ല. എന്നിരുന്നാലും കർണ്ണൻ, അഭിമന്യു, ദുര്യോധനൻ എന്നിവരുടെ ചിന്തകളും വ്യഥകളും ഒരു പരിധി വരെ വിപുലപ്പെടുത്തി ഈ കൃതിക്ക് ഒരു melodrama യുടെ പരിവേഷം നൽകിയിരുന്നു. ഇത് കുട്ടികളുടെയും മുതിർന്നവരുടെയും വായനക്ക് ആവേശം പകരും എന്ന കാര്യത്തിൽ സംശയമില്ല

അശ്വത്ഥാമാവ്, ധൃഷ്ടദ്യുമ്നൻ, സാത്യകി, കൃതവർമ്മാവ്, ബലരാമൻ എന്നിങ്ങനെ മഹാഭാരതത്തിന്റെ സാധാരണവായനകളിൽ sideline ചെയ്യപ്പെടുപോകുന്ന ധീരന്മാരുടെ ആവേശകരമായ കഥകളും അവർ കുരു വംശത്തിന്റെ കഥാഗതിയിൽ ചെലുത്തിയിട്ടുള്ള സ്വാധീനങ്ങളും ഈ പുസ്തകത്തിന്റെ വായനയിലെ പുതിയവെളിച്ചമായവശേഷിക്കുന്നു.

ഡി സി ബുക്സ്
വില 350 രൂപ